REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-04-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പോർച്ച്യൂഗൽ-സ്ലോവാക്യ സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ തിരിച്ചെത്തി.
- മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കോഴിക്കോട് ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.
- മുണ്ടക്കൈ- ചൂരൽമല പുനരധിവാസ ടൗൺഷിപ്പ് നിർമ്മാണത്തിന് എൽസ്റ്റൺ എസ്റ്റേറ്റിന്റെ ഭൂമി ഏറ്റെടുക്കുന്നതിന് 17 കോടി 77 ലക്ഷം രൂപ ഗവൺമെന്റ് കോടതിയിൽ കെട്ടിവെച്ചു.
- സംസ്ഥാനത്ത് സംരംഭക വർഷം പദ്ധതി നടപ്പാക്കി മൂന്നു വർഷം പിന്നിടുമ്പോൾ മൂന്ന് ലക്ഷത്തി 53,000 സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞതായി മന്ത്രി P രാജീവ്.
- ISL ഫുട്ബോൾ കിരീടപോരാട്ടത്തിൽ ഇന്ന് മോഹൻബഗാൻ, ബംഗളൂരു FC യുമായി ഏറ്റുമുട്ടും.

## വാർത്തകൾ വിശദമായി

പോർച്ച്യൂഗൽ-സ്ലോവാക്യ സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപതി മുർമു ഇന്നലെ ന്യൂഡൽഹിയിൽ തിരിച്ചെത്തി. ഇരു രാജ്യങ്ങളുമായി ഇന്ത്യയുടെ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ഉന്നതതലയോഗങ്ങളിൽ രാഷ്ട്രപതി പങ്കെടുത്തു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

സ്ലോവാക്യയിലെ ബ്രാറ്റിസ്ലാവയിൽ ഇന്ത്യൻ വ്യവസായ പ്രതിനിധി സംഘത്തിലെ അംഗങ്ങളുമായി സംവദിച്ച ശേഷമാണ് രാഷ്ട്രപതി ഇന്ത്യയിലേക്ക് മടങ്ങിയത്. സ്ലോവാക്യയിൽ 29 വർഷത്തിനു ശേഷവും പോർച്ചുഗലിൽ 27 വർഷത്തിനു ശേഷവുമാണ് ഒരു ഇന്ത്യൻ രാഷ്ട്രപതിയുടെ സന്ദർശനം. സ്ലോവാക്യൻ പ്രസിഡന്റ് പീറ്റർ പെല്ലെഗ്രിനി, പ്രധാനമന്ത്രി റോബർട്ട് ഫിക്കോ എന്നിവരുമായി കൂടിക്കാഴ്ച നടത്തിയ രാഷ്ട്രപതി, ബഹിരാകാശം, നിർമ്മിതബുദ്ധി തുടങ്ങി വളർന്നുവരുന്ന സാങ്കേതിക മേഖലയിലെ സഹകരണത്തെക്കുറിച്ചും, സൈബർ സുരക്ഷാ മേഖലകളിൽ കൂടുതൽ അവസരങ്ങൾ കണ്ടെത്തുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു.

രണ്ടു ദിവസത്തെ പോർചുഗൽ സന്ദർശനം പൂർത്തിയാക്കിയ ശേഷമാണ് രാഷ്ട്രപതി സ്ലോവാക്യയിലെത്തിയത്. സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച് ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലെ ചർച്ച പുരോഗമിക്കുന്നതിനിടെയാണ് രാഷ്ട്രപതിയുടെ സന്ദർശനമെന്നത് ശ്രദ്ധേയമാണ്. ഇരുരാജ്യങ്ങളും തമ്മിൽ അടുത്ത ബന്ധവും വിശാലമായ ഇന്ത്യ-യൂറോപ്യൻ യൂണിയൻ സഹകരണത്തിന് സഹായകരമാകുന്നതാണ് രാഷ്ട്രപതിയുടെ സന്ദർശനമെന്ന് വിദേശകാര്യ സെക്രട്ടറി തന്മയ് ലാൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

തമിഴ്നാട്ടിൽ NDA യിൽ ചേരാൻ AIDMK എടുത്ത തീരുമാനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സന്തോഷം അറിയിച്ചു. തമിഴ്നാടിനെ പുരോഗതിയുടെ പുതിയ ഉയരങ്ങളിലേക്ക് ഈ തീരുമാനം എത്തിക്കുമെന്നും, മുന്നണി സംസ്ഥാനത്തെ ഉത്സാഹത്തോടെ സേവിക്കുമെന്നും നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

മുൻ മുഖ്യമന്ത്രിമാരായ MGR ന്റെയും, ജയലളിതയുടെയും കാഴ്ചപ്പാട് നിറവേറ്റുന്ന പുതിയ ഗവൺമെന്റ് NDA സഖ്യം ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു. തമിഴ് സംസ്കാരത്തിന്റെ തനിമ കാത്തുസൂക്ഷിക്കുന്നതിന് അഴിമതി നിറഞ്ഞ DMK യുടെ ഭരണം എത്രയും വേഗം പിഴുതെറിയണമെന്നും പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കോഴിക്കോട് ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. രാവിലെ വടകര ജില്ലാ ആശുപത്രി കെട്ടിട

നിർമാണ ശിലാസ്ഥാപന കർമ്മം മുഖ്യമന്ത്രി നിർവഹിക്കും.കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ വിശിഷ്ടാതിഥിയാകും.

ന്യൂനപക്ഷ ക്ഷേമത്തിനായി കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമിൽ ഉൾപ്പെടുത്തിയാണ് ആശുപത്രി കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമാണം.

വൈകീട്ട് നാലിന് മുചുകുന്ന് കോളേജ് ക്യാമ്പസ്സിൽ കൊയിലാണ്ടി S.A.R.B.T.M ഗവ. കോളേജ് സുവർണ ജൂബിലി ആഘോഷങ്ങളുടെയും, പുതുതായി നിർമ്മിച്ച അക്കാദമിക് ബ്ലോക്കിന്റെയും, പുരുഷ ഹോസ്റ്റലിന്റെയും ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും. ചടങ്ങിൽ മന്ത്രി ഡോ R ബിന്ദു അധ്യക്ഷയായിരിക്കും.

✪✪✪

മതസൗഹാർദ്ദം സംരക്ഷിക്കുക SNDP യുടെ മുഖ്യ കടമയാണെന്നും, ആ ഉത്തരവാദിത്വം മുൻനിർത്തി പ്രവർത്തിക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടു. വെള്ളാപ്പള്ളി നടേശൻ SNDP ജനറൽ സെക്രട്ടറിയായതിന്റെ 30-ാം വാർഷികത്തിന്റെ മഹാസംഗമം ചേർത്തലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

മതവിദ്വേഷവും ജാതീയതയും ഉയർത്തി കേരളത്തെ പിന്നോട്ടു കൊണ്ടുപോയി രാഷ്ട്രീയ ലാഭം കൊയ്യാൻ ചിലർ ശ്രമിക്കുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ശ്രീനാരായണ ഗുരുദേവന്റെ ഭേദചിന്തയില്ലാത്ത ദർശനത്തെ ഏറ്റുവാങ്ങിയ നാട് മതനിരപേക്ഷ കേരളത്തിന്റെ കരുത്തായി മാറുമെന്ന് പിണറായി വിജയൻ പറഞ്ഞു.

✪✪✪

മുണ്ടക്കൈ- ചൂരൽമല പുനരധിവാസ ടൗൺഷിപ്പ് നിർമ്മാണത്തിന് എൽസ്റ്റൺ എസ്റ്റേറ്റിന്റെ ഭൂമി ഏറ്റെടുക്കുന്നതിന് 17 കോടി 77 ലക്ഷം രൂപ കോടതിയിൽ കെട്ടിവെച്ചതായി മന്ത്രി K രാജൻ അറിയിച്ചു. ഹൈക്കോടതിയുടെ ഉത്തരവു പ്രകാരമാണ് നടപടി. എസ്റ്റേറ്റിൽ ശിലാഫലകം സ്ഥാപിച്ചെന്നും, കോടതിയിൽ നിന്ന് ഉണ്ടായത് ആശ്വാസകരമായ വിധിയാണെന്നും അദ്ദേഹം കൊല്ലം കരുനാഗപള്ളിയിൽ പറഞ്ഞു.

കോടതി നിർദ്ദേശപ്രകാരം ജില്ലാകലക്ടർ നടപടി പൂർത്തിയാക്കി ഹൈക്കോടതി രജിസ്ട്രാരുടെ അക്കൗണ്ടിലേക്കാണ് ട്രഷറിയിൽ നിന്ന് പണം കൈമാറിയതെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്ത് സംരംഭക വർഷം പദ്ധതി നടപ്പാക്കി മൂന്നു വർഷം പിന്നിടുമ്പോൾ മൂന്ന് ലക്ഷത്തി 53,000 സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞതായി മന്ത്രി P രാജീവ് പറഞ്ഞു. ഇതിൽ 31 ശതമാനം വനിതാ സംരംഭങ്ങളാണ് എന്നും അദ്ദേഹം അറിയിച്ചു. ചോറ്റാനിക്കരയിൽ പഞ്ചായത്തിന്റെയും കുടുംബശ്രീയുടെയും നേതൃത്വത്തിൽ ആരംഭിച്ച ഔവർ മാർട്ട് സൂപ്പർമാർക്കറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഏഴര ലക്ഷം ആളുകൾക്ക് വിവിധ സംരംഭങ്ങൾ വഴി തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞതായും P രാജീവ് വ്യക്തമാക്കി.

✪✪✪

ഇന്ത്യ-US തീവ്രവാദ വിരുദ്ധ സഹകരണ പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്ന് വിദേശകാര്യമന്ത്രി ഡോ.S ജയ്ശങ്കർ പറഞ്ഞു. മുംബൈ ഭീകരാക്രമണ കേസിലെ മുഖ്യ പ്രതി തഹാവൂർ റാണയെ കൈമാറുന്നത് സംബന്ധിച്ച് US സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയുടെ സാമൂഹിക മാധ്യമ പോസ്റ്റിനോട് പ്രതികരിക്കുകയായിരുന്നു ജയ്ശങ്കർ. മുംബൈ ഭീകരാക്രമണത്തിന്റെ ഇരകൾക്ക് നീതി ഉറപ്പാക്കുന്നതിൽ ഇത് വലിയ ചുവടുവെപ്പാണെന്നും വിദേശകാര്യമന്ത്രി പറഞ്ഞു.

✪✪✪

ഇന്ത്യ ആതിഥേയത്വം വഹിച്ച ആസിയാൻ വ്യാപാര ചരക്ക് കരാറിന്റെ സംയുക്ത സമിതിയുടെ എട്ടാമത് യോഗം ന്യൂഡൽഹിയിൽ സമാപിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ ഇന്ത്യയും ആസിയാനും തമ്മിൽ ഉഭയകക്ഷി വ്യാപാരം 121 ബില്യൺ ഡോളറിലെത്തിയതായി കേന്ദ്ര വാണിജ്യ മന്ത്രാലയം അറിയിച്ചു.

കൂടുതൽ ഫലപ്രദവും ഉപയോക്തൃ സൗഹൃദവുമായ വ്യാപാരത്തിന് അനുകൂലമായി കരാർ നവീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സമിതിയുടെ പ്രവർത്തനമെന്നും ആഗോള വ്യാപാരത്തിന്റെ 11 ശതമാനം വരുന്ന ആസിയാൻ രാജ്യങ്ങൾ, ഇന്ത്യയുടെ പ്രധാന വ്യാപാര പങ്കാളിയാണെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

ലോക ദൃശ്യ-ശ്രാവ്യ- വിനോദ ഉച്ചകോടി WAVES ന്റെ ഭാഗമായി നടത്തിയ തീം മ്യൂസിക് മത്സരത്തിലെ വിജയികളെ വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം പ്രഖ്യാപിച്ചു. ലഭിച്ച നൂറുകണക്കിന് എൻട്രികളിൽ നിന്ന് ആറ് വിജയികളെയാണ് തിരഞ്ഞെടുത്തത്.

**രാജ്യത്തിന്റെ വൈവിധ്യമാർന്ന സംഗീത മേഖലയിലെ പ്രതിഭകളെ കണ്ടെത്തുകയാണ് മത്സരത്തിന്റെ ലക്ഷ്യമെന്ന് മന്ത്രാലയം അറിയിച്ചു. അടുത്ത മാസം ഒന്നു മുതൽ നാല് വരെ മുംബൈയിലാണ് WAVES ഉച്ചകോടി.**

**✪✪✪**

**കണ്ണൂർ മാങ്ങാട്ടു പറമ്പ് KAP നാലാം ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ പൊലീസ് സേനാംഗങ്ങളുടെ പാസിംഗ് ഔട്ട് പരേഡ് ഇന്ന് നടത്തും. രാവിലെ സംസ്ഥാന പൊലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹെബ് സല്യൂട്ട് സ്വീകരിക്കും.**

**വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി K.O.ശശിധരൻ.**

**........വോയ്സ്).........**

**✪✪✪**

**സംസ്ഥാനത്ത് വിഷു- ഈസ്റ്റർ സഹകരണ വിപണികൾക്ക് തുടക്കമായി. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വി എൻ വാസവൻ തിരുവനന്തപുരത്ത് നിർവഹിച്ചു. പത്ത് ശതമാനം മുതൽ മുപ്പത്തഞ്ചു ശതമാനം വരെ വിലക്കുറവിലാണ് സാധനങ്ങൾ ലഭ്യമാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ഈ മാസം 21 വരെയാണ് വിഷു- ഈസ്റ്റർ സബ്സിഡി വിപണി സജ്ജീകരിച്ചിരിക്കുന്നത്.**

**✪✪✪**

**കോഴിക്കോട് കോട്ടപ്പറമ്പിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഗവൺമെന്റ് ആശുപത്രിയിലെ ഓക്സിജൻ പ്ലാന്റും ലാക്റ്റേഷൻ മാനേജ്മെന്റും മന്ത്രി വീണാ ജോർജ് രാവിലെ ഉദ്ഘാടനം ചെയ്യും.**

**വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് ഡോ. KB മേനോൻ സ്മാരക കുടുംബാരോഗ്യകേന്ദ്ര കെട്ടിടവും മന്ത്രി ഉച്ചക്ക് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ഷാഫി പറമ്പിൽ MP മുഖ്യാതിഥിയാകും.**

**✪✪✪**

**സെക്രട്ടറിയേറ്റിന് മുന്നിൽ ആശാവർക്കർമാരുടെ രാപ്പകൽ സമരം 62-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരം ഇന്ന് 24 -ാം ദിവസത്തിലേക്കുമെത്തി.**

**✪✪✪**

ISL ഫുട്ബോൾ കിരീടപോരാട്ടത്തിൽ ഇന്ന് മോഹൻബഗാൻ, ബംഗളൂരു FC യുമായി ഏറ്റുമുട്ടും. കൊൽക്കത്ത സാൾട്ട്ലേക്ക് സ്റ്റേഡിയത്തിൽ രാത്രി ഏഴരക്കാണ് മത്സരം.

2023 നു ശേഷമാണ്  ഇരുടീമുകളും വീണ്ടും ഫൈനലിൽ നേർക്കുനേർ എത്തുന്നത്.

✪✪✪

അർജന്റീനയിലെ ബ്യൂണസ് അയേഴ്സിൽ ഇന്റർനാഷണൽ ഷൂട്ടിംഗ് സ്പോർട്സ് ഫെഡറേഷൻ ലോകകപ്പ് ആദ്യ പാദത്തിൽ  ഇന്ത്യ രണ്ടാം സ്ഥാനത്തെത്തി.  4 സ്വർണം, 2 വെള്ളി, 2 വെങ്കലം എന്നിവയുൾപ്പെടെ ആകെ 8 മെഡലുകളാണ് ഇന്ത്യ നേടിയത്. ചൈനയാണ് ഒന്നാം സ്ഥാനത്ത്.

✪✪✪

കുടുംബശ്രീ കോഴിക്കോട് ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ആദ്യത്തെ പ്രീമിയം കഫെ കൊയിലാണ്ടിയിൽ ഉച്ചയ്ക്ക് മന്ത്രി A.K ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും.  മുനിസിപ്പൽ ബസ്സ്റ്റാൻഡിന് എതിർവശമാണ്  50-ൽ അധികം പേർക്ക് ഇരുന്നു ഭക്ഷണം കഴിക്കാൻ സാധിക്കുന്ന പ്രീമിയം സൗകര്യത്തോടു കൂടിയ AC  റെസ്റ്റോറന്റ്.

കാന്റീൻ, കാറ്ററിങ് മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംരംഭകർക്ക് സുസ്ഥിര വരുമാന ലഭ്യമാക്കുക,  , തൊഴിൽനിലവാരം ഉയർത്തുക എന്നിവയാണ് പ്രീമിയം കഫെയുടെ  ലക്ഷ്യങ്ങളെന്ന് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ അറിയിച്ചു.

✪✪✪

കോഴിക്കോട് കക്കാടംപൊയിൽ - കുരിശുമല,  ഇക്കോ ടൂറിസം സെന്ററായി വികസിപ്പിക്കുന്നതിന് കൂടരഞ്ഞി ഗ്രാമപഞ്ചായത്തും വനം വകുപ്പും തമ്മിൽ ധാരണയായി.  മന്ത്രി A.K ശശീന്ദ്രൻ പങ്കെടുത്ത അവലോകന യോഗത്തിലാണ്  ഇതു സംബന്ധിച്ച ധാരണയായത്.

മലയോര മേഖലയിലെ വികസന പ്രവർത്തനങ്ങൾ ജനജീവിതത്തിന് ഉപകാരപ്രദമായ പദ്ധതികളാക്കി മാറ്റണമെന്ന് മന്ത്രി യോഗത്തിൽ നിർദ്ദേശിച്ചു.  ഇക്കോ ടൂറിസം പദ്ധതി പ്രദേശവാസികൾക്ക് വരുമാനമാർഗം ഉണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കോഴിക്കോട്ട്  അത്യാധുനിക സജ്ജീകരണങ്ങളോടെ നാലു നിലകളിൽ നിർമ്മാണം പൂർത്തിയാക്കിയ ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫിസായ 'ലീഡർ കെ കരുണാകരൻ മന്ദിരം' AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ MP രാവിലെ ഉദ്ഘാടനം ചെയ്യും.

വയനാട് റോഡിൽ 24,000 ചതുരശ്ര അടിയിലാണ് ഓഫിസ് നവീകരിച്ചിരിക്കുന്നത്.

ഉമ്മൻചാണ്ടി ഓഡിറ്റോറിയം KPCC പ്രസിഡന്റ് K. സുധാകരൻ MP ഉദ്ഘാടനം ചെയ്യും. ഗാന്ധി പ്രതിമ അനാച്ഛാദനം പ്രതിപക്ഷ നേതാവ് V.D സതീശനും, നെഹ്റു പ്രതിമ അനാച്ഛാദനം കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തലയും നിർവഹിക്കും.

ഡോ. KG അടിയോടി റിസർച്ച് സെന്റർ കോൺഗ്രസ് പ്രവർത്തക സമിതി അംഗം ഡോ. ശശി തരൂർ MP ഉദ്ഘാടനം ചെയ്യും.

✪✪✪

---

*News Editor: വി കെ സുരേഷ്,*
*News Reader: രജിന കെ ആസാദ്*
*News Team: ഫസ്ന ഫാത്തിമ*
*DEO : ഷീബ*